**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2195** **18.07.2016 ൽ മറുപടിയ്ക്ക്**

## സാക്ഷരതാ തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ<br>,, വി.റ്റി.ബൽറാം<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സാക്ഷരതാ തുടർവിദ്യാഭ്യാസകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദീകരിക്കാമോ; | (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• സാക്ഷരതാതുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി തീർക്കുക<br>• സാക്ഷരതാ/തുല്യത പഠിതാക്കളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക.<br>• പഠിതാക്കളുടെയും ഗുണഭോക്താക്കളുടെയും സ്ഥിരവരുമാനം ഉറപ്പുവരുത്തുക.<br>• തൊഴിൽ നൈപുണി യൂണിറ്റുകൾ ആരംഭിക്കുക.<br>• തൊഴിൽ സംസ്കാരം വളർത്തിയെടുക്കുക.<br>• സാക്ഷരതാതുടർ വിദ്യാകേന്ദ്രങ്ങളെ സ്ഥിരം തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുക. |
| (സി) പദ്ധതിനിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) കേരള സംസ്ഥാന സാക്ഷരതാമിഷൻ തുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുക, സാക്ഷരതാമിഷന്റെ ഗുണഭോക്താക്കൾക്ക് മികച്ച തൊഴിൽ പരിശീലനം നൽകി അവർക്ക് സ്ഥിരവരുമാനം ലഭ്യമാക്കി |

ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് 14 ജില്ലകളിലായി 69 സ്ഥിരം തൊഴിൽ പരിശീലനകേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചത്. 2015-16 സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ ഈ പദ്ധതിയ്ക്കായി 1 കോടി 25 ലക്ഷം രൂപ വകയിരുത്തി. 05.12.2015 ലെ സ.ഉ(സാധാ) നം. 5866/2015/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ സാക്ഷരതാമിഷനുകളുടെ സഹകരണത്തോടെ ഭൗതിക സൗകര്യമുള്ള മെച്ചപ്പെട്ട വിദ്യാകേന്ദ്രങ്ങൾ സംസ്ഥാന സാക്ഷരതാമിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 69 സ്ഥിരം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ കണ്ടെത്തി അവയെ തൊഴിൽ നൈപുണി വികസന കേന്ദ്രങ്ങളാക്കി വികസിപ്പിച്ചെടുക്കുവാൻ തീരുമാനിച്ചു. പ്രസ്തുത കേന്ദ്രങ്ങളിലെ പ്രേരക്മാർ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർ മുഖാന്തിരം ലഭിക്കുകയും ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തേണ്ട പരിശീലനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി. തുടർന്ന് പരിശീലനം നടക്കുന്ന 69 കേന്ദ്രങ്ങൾക്കുമായി പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവിലേക്ക് 25,000/- രൂപയും പദ്ധതി പ്രവർത്തന ചെലവുകൾക്ക് 7,000/- രൂപയും ചേർത്ത് 32,000/- രൂപ ജില്ലാ കോ-ഓർഡിനേറ്റർ (എഫ്&എ) വഴി ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാന തലത്തിൽ മികച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഏകദിന പരിശീലനം നല്കി. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ, ഉദ്യോഗസ്ഥർ, ജില്ലാ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എന്നിവരാണ് ഈ പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് നടത്തിവരുന്നത്.

സെക്ഷൻ ഓഫീസർ